**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 395** **20-03-2025 - ൽ മറുപടിയ്ക്ക്**

**നവീൻ ബാബുവിനെതിരെയുള്ള ആരോപണത്തിൽ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബു പെട്രോൾ പമ്പിന്റെ അനുമതിക്കായി കൈക്കൂലി വാങ്ങിയതായ ആക്ഷേപം സംബന്ധിച്ച് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബു പെട്രോൾ പമ്പിന്റെ അനുമതിയ്ക്കായി കൈക്കൂലി വാങ്ങിയതായ ആക്ഷേപം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 18.10.2024 തീയതിയിലെ സ.ഉ.(സാധാ) 2512/2024/റവ പ്രകാരം ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ ശ്രീമതി.ഗീത.എ ഐ.എ.എസിനെ ചുമതലപ്പെടുത്തിയിരുന്നു. അന്വേഷണം നടത്തി 24.10.2024ൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അന്വേഷണത്തിൽ നവീൻ ബാബു കൈക്കൂലി വാങ്ങിയെന്ന് തെളിയിക്കുന്ന എന്തെങ്കിലും രേഖകളോ തെളിവുകളോ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പെട്രോൾ പമ്പിന് എതിർപ്പില്ലാ രേഖ നൽകുന്നതിൽ നവീൻ ബാബുവിന്റെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായിട്ടില്ലെന്ന് അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>അന്വേഷണത്തിന്റെ ഭാഗമായി ഓഫീസ് രേഖകളും, മൊഴികളും പരിശോധിച്ച് ജോയിന്റ് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിന്റെ കൺക്ലൂഷൻ ഭാഗത്ത് NOC അനുവദിക്കുന്നതിന് അകാരണമായ കാലതാമസമുണ്ടായിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബുവിന്റെ ദൗർഭാഗ്യകരമായ മരണത്തെ തുടർന്ന് ഇത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 18.10.2024 തീയതിയിലെ സ.ഉ.(സാധാ) 2512/205/റവ പ്രകാരം ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ ശ്രീമതി.ഗീത.എ ഐ.എ.എസിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരം അന്വേഷണം നടത്തി 24.10.2024ൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

നവീൻ ബാബുവിന്റെ മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങളെ പറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉന്നയിച്ച നവീൻ ബാബുവിനെതിരെയുള്ള അഴിമതി ആരോപണത്തെ പറ്റിയും പെട്രോൾ പമ്പിന് എൻ.ഒ.സി അനുവദിക്കുന്നതുമായി ബന്ധിപ്പെട്ട് ഫയലിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ തുടങ്ങിയവയായിരുന്നു അന്വേഷണ പരിധിയിൽ ഉണ്ടായിരുന്നത്.

മുൻ കണ്ണൂർ എ.ഡി.എം ആയിരുന്ന നവീൻ ബാബുവിന്റെ യാത്രയയപ്പ് ഒരു അനൗപചാരികമായ ചടങ്ങായിരുന്നു. അന്വേഷണ റിപ്പോർട്ട് പ്രകാരം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീമതി.പി.പി.ദിവ്യയെ പ്രസ്തുത യാത്രയയപ്പ് ചടങ്ങിലേയ്ക്ക് ജില്ലാ കളക്ടറോ മറ്റ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ ക്ഷണിച്ചതായി യാതൊരു മൊഴിയും ലഭ്യമായിട്ടില്ല.

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന പി.പി.ദിവ്യയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ജില്ലാ കളക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ അന്നേ ദിവസം നിരവധി തവണ വിളിച്ചിരുന്നു. പരിപാടി ആരംഭിച്ചോ എന്ന് അന്വേഷിക്കുകയും അരംഭിച്ചുവെന്ന് ജില്ലാ കളക്ടറുടെ സി.എ അറിയിക്കുകയും ചെയ്തു. അന്നേ ദിവസം 3.13 പി.എം.ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നേരിട്ട് ജില്ലാ കളക്ടറോട് ഏതെങ്കിലും പരിപാടിയിൽ പങ്കെടുത്തുകൊണ്ടിരിയിക്കുകയാണോ എന്ന് അന്വേഷിക്കുകയും ചെയ്തിട്ടുണ്ട്.

നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങ് 14.10.2024 3.25പി.എം.ന് ആരംഭിച്ചു. ആയതിലേയ്ക്ക് മുൻകൂട്ടി അറിയിക്കാതെയും ക്ഷണിക്കാതെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.പി.പി.ദിവ്യ എത്തിച്ചേരുകയും ചെങ്ങളായി വില്ലേജിലെ പെട്രോൾ പമ്പിന് എൻ.ഒ.സി നൽകുന്നതിൽ കാലതാമസം ഉണ്ടായതായി ആരോപണം ഉന്നയിക്കുകയും ആയതുമായി ബന്ധപ്പെട്ട് നവീൻ ബാബുവിനെതിരെ അഴിമതി ആരോപണം ഉന്നയിക്കുകയും കൂടുതൽ വിവരങ്ങൾ 2 ദിവസങ്ങൾക്കുള്ളിൽ വെളിവാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പ്രസ്തുത ചടങ്ങിലെയ്ക്ക് ശ്രീമതി.പി.പി.ദിവ്യാ തന്നെ പ്രാദേശിക ചാനലിനെ ക്ഷണിക്കുകയും അവർ പരിപാടി ചിത്രീകരിക്കുകയും ആയതിന്റെ കോപ്പി ശ്രീമതി.പി.പി.ദിവ്യാ ആവശ്യപ്പെട്ടതുപ്രകാരം അവർക്ക് നൽകിയിട്ടുണ്ട് എന്ന് ചാനൽ പ്രതിനിധി മൊഴി നൽകിയിട്ടുമുണ്ട്. യാത്രയയപ്പ് ചടങ്ങ് ചിത്രീകരിക്കാൻ കണ്ണൂർ കളക്ടറേറ്റിൽ നിന്ന് ആരേയും ചുമതലപ്പെടുത്തിയിരുന്നില്ല.

ചടങ്ങിനുശേഷം നവീൻ ബാബു മാനസിക സമ്മർദ്ദത്തിലും വിഷമത്തിലും ആയിരുന്നെന്ന് സാക്ഷി മൊഴികൾ പ്രകാരം വെളിവായിട്ടുണ്ട്.. നവീൻ ബാബു 14.10.2024ന് 5.45 പി.എംന് കളക്ടറേറ്റിൽ നിന്ന് യാത്ര തിരിക്കുകയും 10 മിനിട്ടുകൾക്കുശേഷം മുനീശ്വരൻ കോവിൽ സമീപം ഇറങ്ങുകയും ചെയ്തു.

നവീൻ ബാബുവിന്റെ മരണകാരണവുമായി ബന്ധപ്പെട്ട് വിശദമായ പോലീസ് അന്വേഷണം ആവശ്യമാണ് എന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

നവീൻ ബാബു കൈക്കൂലി വാങ്ങിയതായി അന്വഷണ ഉദ്യോഗസ്ഥൻ മുമ്പാകെ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.പി.പി.ദിവ്യാ രേഖാമൂലമോ അല്ലാതെയോ യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ല. ലഭ്യമായ മൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നവീൻ ബാബു കൈക്കൂലി വാങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ലാ എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

02.12.2023 തീയതി രേഖപ്പെടുത്തിയ ബി.പി.സി.എൽ കോഴിക്കോട് ടെറിട്ടറി മാനേജരുടെ കത്ത് 04.12.2023ൽ കളക്ടറേറ്റിൽ ലഭിക്കുകയും അന്നേ ദിവസം തന്നെ കണ്ണൂർ പോലീസ് മേധാവി, തളിപ്പറമ്പ് തഹസിൽദാർ, ജില്ലാ അഗ്നിശമന ഓഫീസർ, ജില്ലാ സപ്ലേ ഓഫീസർ, പിഡബ്ല്യുഡി എക്സിക്യൂട്ടീവ് എഞ്ചിനിയർ (റോഡ്സ്), ചെങ്ങളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് റിപ്പോർട്ടിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുകളെല്ലാം ലഭ്യമായ ശേഷം ജില്ലാ പോലീസ് മേധാവി ശിപാർശ ചെയ്തതുപ്രകാരം ടൗൺ പ്ലാനറിൽ നിന്നും ശാസ്ത്രീയ പഠനം നടത്തിയ റിപ്പോർട്ട് വാങ്ങണം എന്ന രേഖപ്പെടുത്തലോടെ ഫയൽ 07.05.2024ന് എ.ഡി.എം ന് സമർപ്പിക്കുകയും 22.06.2024ൽ എ.ഡി.എം അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടൗൺ പ്ലാനറുടെ റിപ്പോർട്ട് സഹിതം 01.10.2024ന് ഫയൽ എ.ഡി.എം ന് ലഭിക്കുകയും, 07.10.2024ൽ ആയത് അംഗീകരിക്കുകയും ചെയ്തു. എൻ.ഒ.സിയുടെ കരട് 09.10.2024ന് എ.ഡി.എമ്മിന് സമർപ്പിക്കുകയും അന്നേ ദിവസം തന്നെ അത് എ.ഡി.എം അംഗീകരിച്ച് നൽകുകയും ചെയ്തു. 2024 ലോക് സഭാ ഇലക്ഷൻ ഏപ്രിൽ മാസം 16നും, വോട്ടെണ്ണൽ ജൂൺ 4നും ആയിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്ന സമയത്തുണ്ടായ സ്വാഭാവിക കാലതാമസം മാത്രമേ എൻ.ഒ.സി നൽകുന്ന ഫയലിൽ ഉണ്ടായിട്ടുള്ളൂ.

കണ്ണൂർ എ.ഡി.എം. ആയിരുന്ന നവീൻ ബാബു കൈക്കൂലി വാങ്ങിയത് സംബന്ധിച്ച് യാതൊരു തെളിവും ലഭ്യമായിട്ടില്ലാത്തതുകൊണ്ടും പെട്രോൾ പമ്പ് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ആരോപണ വിഷയത്തിൽ അകാരണമായ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല എന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിലുള്ള അന്വേഷണ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ ക്രിമിനൽ കേസിൽ നടന്നുവരുന്ന അന്വേഷണത്തിന് ഫയലിലെ രേഖകൾ അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയാണെങ്കിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്.